RCS/10335/2025/EB(5)

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
ജവഹർ സഹകരണ ഭവൻ
ഡി.പി.ഐ. ജംഗ്ഷൻ,
തിരുവനന്തപുരം-695014
Website: cooperation.kerala.gov.in
Email:keralarcs.coop@kerala.gov.in
Tel: 0471-2330825
തീയതി: 14-11-2025

സഹകരണ സംഘം രജിസ്ട്രാർ,
തിരുവനന്തപുരം.

1. സഹകരണ ആഡിറ്റ് ഡയറക്ടർ, സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്, തിരുവനന്തപുരം.
2. എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും.
3. എല്ലാ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്)മാർക്കും.
4. എല്ലാ ഡെപ്യൂട്ടി രജിസ്ട്രാർ/പ്രിൻസിപ്പൽമാർക്കും.

സർ,

വിഷയം :- സഹകരണ വകുപ്പ്- ജീവനക്കാര്യം- ഡെപ്യൂട്ടിരജിസ്ട്രാർ/ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകുന്നത്– രഹസ്യ ഫയലുകൾ സമർപ്പിക്കുന്നത്-സംബന്ധിച്ച്

സൂചന :- 1. അസിസ്റ്റന്റ് രജിസ്ട്രാർ/അസിസ്റ്റന്റ് ഡയറക്ടർമാരുടെ 30.09.2025-ലെ RCS/10335/2025-EB(5) നമ്പർപ്രൊവിഷണൽസീനിയോരിട്ടി ലിസ്റ്റ്.

2026 വർഷം ഡെപ്യൂട്ടി രജിസ്ട്രാർ / ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലുണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് പരിഗണിക്കുന്നതിനായി സൂചന പ്രൊവിഷണൽ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട ക്രമ നമ്പർ (1) മുതൽ ക്രമ നമ്പർ (210) വരെയുള്ള അസിസ്റ്റന്റ് രജിസ്ട്രാർ/ അസിസ്റ്റന്റ് ഡയറക്ടർമാരുടെ 01.01.2022 മുതൽ 31.012.2024 വരെയുളള കാലയളവിലെ രഹസ്യ ഫയലുകൾ 10.12.2025-ന് മുമ്പായി സമർപ്പിയ്ക്കേണ്ടതാണെന്ന് അറിയിക്കുന്നു. രഹസ്യ ഫയൽ സമർപ്പിച്ചിട്ടുള്ളവർ ആ കാലയളവ് വീണ്ടും സമർപ്പിക്കേണ്ടതില്ല. ടി തസ്തികയിൽ സേവനമാനുഷ്ഠിക്കുന്നവരുടെ 01.01.2022 മുതൽ 31.012.2024 വരെയുളള രഹസ്യ ഫയൽ www.score.kerala.gov.in എന്ന വെബ് സൈറ്റ് മുഖേന സമർപ്പിച്ച് ആയതിന്റെ പ്രിന്റ് ഔട്ട് ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതും, ടി

റിപ്പോർട്ടിനോടൊപ്പം പ്രോബേഷൻ പ്രഖ്യാപിച്ച ഉത്തരവ് കൂടി ഉള്ളടക്കം ചെയ്യേണ്ടതുമാണ്. DPC സംബന്ധിച്ച തുടർ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനു രഹസ്യ ഫയൽ കൃത്യമായും നിശ്ചിത സമയത്തിനും നൽകേണ്ടതും ടി ക്രമ നമ്പർ (1) മുതൽ ക്രമ നമ്പർ (210) വരെയുള്ളതിൽ ഉൾപ്പെട്ട പ്രോബേഷൻ പ്രഖ്യാപിക്കാത്ത ഉദ്യോഗസ്ഥർ ഉണ്ടെങ്കിൽ പ്രോബേഷൻ കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് പ്രോബേഷൻ പ്രഖ്യാപിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,

(ഒപ്പ്)

SAJEER.M

ADDITIONAL REGISTRAR

//ആജ്ഞാനുസരണം//

**Signed by S Anilvasan**

**Date: 15-11-2025 11:12:36**

അസിസ്റ്റന്റ് രജിസ്ട്രാർ(ഇ.ബി)